**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2837** **10-03-2025 - ൽ മറുപടിയ്ക്ക്**

**നാട്ടാനകളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര നാട്ടാനകൾ ഉണ്ട്; പ്രസ്തുത കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | 2025 ഫെബ്രുവരി 15 നു പൂർത്തിയാക്കിയ നാട്ടാനകളുടെ സർവ്വെ പ്രകാരം കേരളത്തിൽ 389 നാട്ടാനകളാണുള്ളത്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | നാട്ടാനകളുടെ പരിപാലനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | നാട്ടാനകളുടെ ക്ഷേമവും, പരിപാലനവും ഉറപ്പ വരുത്തുന്നതിനായി 2012 ലെ കേരള നാട്ടാന (പരിപാലനവും, കാര്യകർതൃത്വവും) ചട്ടങ്ങൾ നിലവിലുണ്ട്. ആയതിൻ പ്രകാരമാണ് കേരളത്തിൽ നാട്ടാന പരിപാലനം നടന്നു വരുന്നത്. കൂടാതെ വനം വകുപ്പിന്റെ അധീനതയിലുള്ള നാട്ടാനകളുടെ ക്ഷേമവും പരിപാലനവും ഉറപ്പുവരുത്തുന്നതിനായി കോട്ടൂർ, കോന്നി, വയനാട്, ധോണി, കാപ്രിക്കാട് എന്നിവിടങ്ങളിൽ ആന പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടാനകളുടെ ആക്രമണത്തിൽ എത്രആളുകളുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാട്ടാനകളുടെ ആക്രമണത്തിൽ 18 ആളുകളുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. കണക്കുകൾ അനുബന്ധം -2 ആയി ചേർക്കുന്നു. |
| (ഡി) | ഇത്തരത്തിൽ നാട്ടാനകളുടെ ആക്രമണം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വനം വകുപ്പ് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | നാട്ടാനകളുടെ ആക്രമണം മൂലം ജീവൻ നഷ്ടപ്പെട്ടുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകേണ്ടുന്ന ഉത്തരവാദിത്തം ആന ഉടമകളിൽ നിക്ഷിപ്തമായതിനാൽ വനം വകുപ്പ് സാമ്പത്തിക സഹായമൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം –1</u>**

| ജില്ല | നാട്ടാനകളുടെഎണ്ണം |
|---|---|
| തിരുവനന്തപുരം | 34 |
| കൊല്ലം | 57 |
| പത്തനംതിട്ട | 24 |
| ആലപ്പുഴ | 17 |
| കോട്ടയം | 60 |
| ഇടുക്കി | 8 |
| എറണാകുളം | 24 |
| തൃശൂർ | 101 |
| പാലക്കാട് | 25 |
| മലപ്പുറം | 13 |
| കോഴിക്കോട് | 10 |
| വയനാട് | 9 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 0 |
| **ആകെ** | **389** |

**അനുബന്ധം -2**

## Death due to the attack of Captive Elephant

| Name of Division | Death |
|---|---|
| Thiruvananthapuram | 2 |
| Kollam | 0 |
| Pathanamtitta | 0 |
| Alappuzha | 2 |
| Kottayam | 1 |
| Idukki | 1 |
| Ernakulam | 0 |
| Thrissur | 3 |
| Palakkad | 5 |
| Malappuram | 1 |
| Kozhikkode | 3 |
| Wayanad | 0 |
| Kannur | 0 |
| Kazargode | 0 |
| **Total** | **18** |